**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 992** **27-07-2021 - ൽ മറുപടിയ്ക്ക്**

**കേരള പ്ലാന്റേഷൻ കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. പ്രഭാകരൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ നിലവിലെ സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | കോവിഡ് മഹാമാരിയുടെ അതിരൂക്ഷമായ വ്യാപനത്തെ തുടർന്ന് പ്ലാൻറേഷൻ കോർപ്പ റേഷൻറെ പ്രധാന വരുമാന മാർഗ്ഗമായ റബ്ബർ മേഖലയിൽ ഭീമമായ ഉത്പാദനനഷ്ടം നേരിട്ടു കൊണ്ടിരിക്കുന്നതു മൂലം കോർപ്പറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോർപ്പറേഷൻ ലാഭകരമാക്കുന്നതും ജീവനക്കാരുടെ ആവശ്യങ്ങളും സംബന്ധിച്ച് കൃഷി മന്ത്രിയുമായി സംഘടനാ നേതാക്കൾ ചർച്ച നടത്തിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് അറിയിക്കാമോ; | (ബി) | ഈ വിഷയത്തിൽ ഔദ്യോഗിക ചർച്ചകളൊന്നും നടത്തിയിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചുവരുന്നു. |
| (സി) | പതിനയ്യായിരത്തിൽ പരം എണ്ണപ്പനകൾ കാട്ടാനകൾ നശിപ്പിക്കാനിട യായതു മൂലം കോർപ്പറേഷനുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (സി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 4000 എണ്ണപ്പനമരങ്ങൾ കാട്ടാനയുടെ ആക്രമണം മൂലം നഷ്ടപ്പെടുകയുണ്ടായി. ഓരോ മരത്തിൽ നിന്നും ഒരു വർഷം 70 കിലോ എന്ന കണക്കിൽ 280 മെ.ടൺ എണ്ണപ്പനക്കുരുവിൻറെ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ എണ്ണപ്പനമരങ്ങളിൽ നിന്നും 10 വർഷത്തോളം വിളവെടുക്കാൻ സാധിക്കുന്നതാണ്. ആയതുകൂടി കണക്കാക്കുമ്പോൾ ഏകദേശം 2.80 കോടിയോളം രൂപയുടെ എണ്ണപ്പനക്കുരുവിൻറെ വരുമാന നഷ്ടം സംഭവിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത കോർപ്പറേഷന്റെ കാസർകോട് ഡിവിഷനിൽ കശുമാങ്ങ ജ്യൂസ് കെട്ടിക്കിടക്കുന്നതും കാലടി ഡിവിഷനിൽ മറിഞ്ഞു വീണ തേക്കുമരങ്ങൾ ലേലം ചെയ്യാത്തതും പരിഹരിക്കാൻ നടപടിയുണ്ടാകുമോ; | (ഡി) | ഇത് സംബന്ധിച്ച് പ്ലാൻറേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിച്ചുവരുന്നു. |
| (ഇ) | പ്ലാന്റേഷൻ കോർപ്പറേഷൻ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് | (ഇ) | പ്ലാൻറേഷൻ കോർപ്പറേഷൻ ലാഭത്തിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിവരം |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. കാസർഗോഡ്, കണ്ണൂർ, പാലക്കാട് ജില്ലകളിൽ കശുമാവ് കൃഷി വ്യാപന ത്തിന്റെ ഭാഗമായി അത്യുൽപാദനശേഷിയുള്ള കശുമാവ് തൈകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി വിതരണം നടത്തുന്ന തിനായി ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി, ഒന്നാം ഘട്ടത്തിൽ പത്തുലക്ഷം തൈകളും രണ്ടാം ഘട്ടത്തിൽ 6 ലക്ഷം തൈകളും കാസർഗോഡ്, ചീമേനി എസ്റ്റേറ്റുകളിൽ ഉൽപാദിപ്പിച്ച് കൃഷിഭവൻ വഴി വിതരണം നടത്തി വരുന്നു.

2. പാഷൻഫ്രൂട്ട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷന്റെ കാസർ ഗോഡ്, എറണാകുളം, പത്തനംതിട്ട ജില്ലകളിലായുള്ള എസ്റ്റേറ്റുകളിലെ 30 ഹെക്ടറിലും കർഷകരുടെ പങ്കാളിത്തത്തോടെ 20 ഹെക്ടറിലും കൃഷി ചെയ്യുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടു കൂടി ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരു മാനിച്ചു.

3. കോർപ്പറേഷന്റെ സ്വന്തം കശുമാവിൻ തോട്ടങ്ങളിൽ നിന്നും ഒപ്പം കർഷകരിൽ നിന്നും ശേഖരിക്കുന്ന കശുമാങ്ങയിൽനിന്നും കാഷ്യൂ ആപ്പിൾ ജ്യൂസ്, കാഷ്യൂ ആപ്പിൾ കാബണേറ്റഡ് ഡ്രിങ്ക് (ഒസ്സിയാന) ഉൽപാദനം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചു.

4. കാസർഗോഡ് പെരിയയിൽ ദേശീയപാതയോട് അഭിമുഖമായി കിടക്കുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്വന്തം സ്ഥലം ഉപയോഗപ്പെടുത്തി ഷോപ്പിംഗ് കോംപ്ലക്സ് കം പെട്രോൾ പമ്പ് നിർമിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

5. നിലമ്പൂർ തേക്കിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പ്രചാരണത്തിനും വ്യാപനത്തിനുമായി നിലമ്പൂർ ഏരിയയിൽ 50,000 തൈകൾ ഉണ്ടാക്കി വിൽപ്പന നടത്തുന്നതിനുള്ള പദ്ധതി തയ്യാറായി വരുന്നു.

6. കോർപ്പറേഷൻ വിവിധ തോട്ടങ്ങളിൽ ഇടവിളയായിട്ട് മഞ്ഞൾ കൃഷി ചെയ്തു വരുന്നു.

7. റബ്ബർ കൃഷിയിൽ നിന്നുള്ള വരുമാനം കൂട്ടുന്നതിനു വേണ്ടി പരീക്ഷണാടി സ്ഥാനത്തിൽ ഇടവിളയായി കാപ്പികൃഷി കൊടുമൺ എസ്റ്റേറ്റിൽ ആരംഭിച്ചി ട്ടുണ്ട്.

8. തേനീച്ച വളർത്തൽ കാസർഗോഡ്, രാജപുരം, ചീമേനി എസ്റ്റേറ്റുകളിൽ നടന്നുവരുന്നു.

9. കറുവപ്പട്ട കൃഷിവ്യാപനത്തിന്റെ ഭാഗമായി കോർപ്പറേഷന്റെ മലബാർ മേഖല യിലുള്ള എസ്റ്റേറ്റുകളിൽ കറുവപ്പട്ട കൃഷിചെയ്ത് കറുവപ്പട്ടയും കറുവപ്പട്ട ഓയിലും ഉല്പാദിപ്പിച്ചുവരുന്നു.

10. കോർപ്പറേഷന്റെ കാസർഗോഡ് എസ്റ്റേറ്റിലെ അത്യാധുനിക ഡയറി ഫാം

പ്രവർത്തനക്ഷമമാക്കുകയും കൂടുതൽ പാൽ ഉൽപാദിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു.

11. കോർപ്പറേഷന്റെ ഉൽപ്പന്നങ്ങളായ കശുവണ്ടി, പാഷൻഫ്രൂട്ട്, പാഷൻഫ്രൂട്ട് സ്ക്വാഷ്, കറുവപ്പട്ട, മഞ്ഞൾപ്പൊടി, റംബൂട്ടാൻ, തേൻ, പച്ചക്കറികൾ, അലങ്കാര സസ്യങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവയും, കൂടാതെ ഫലവൃക്ഷ ങ്ങൾ എന്നിവയും പൊതുജനങ്ങളിലെത്തിക്കാൻ ഹെഡ് ഓഫീസിനു സമീപവും, ചന്ദനപ്പള്ളി, ചീമേനി, കാസർഗോഡ്, മണ്ണാർക്കാട്, ഓയിൽ പാം എസ്റ്റേറ്റുകളിൽ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിച്ചു.

12. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പാഷൻഫ്രൂട്ട് കൃഷിയിലൂടെ ഉൽപാദിപ്പിച്ചുവരുന്ന പാഷൻഫ്രൂട്ട് പ്രോസസ് ചെയ്യുന്നതിനായിട്ടുള്ള യൂണിറ്റുകൾ കൊടുമൺ, ചീമേനി, കാസർഗോഡ് എസ്റ്റേറ്റുകളിൽ ആരംഭിച്ചു.

13. ഫലവൃക്ഷകൃഷി വ്യാപനമാക്കുന്നതിന്റെ ഭാഗമായിട്ട് കോർപ്പറേഷന്റെ തോട്ട ങ്ങളിൽ റംബൂട്ടാൻ, പ്ലാവ്, കൈതച്ചക്ക, കശുമാവ് എന്നിവയുടെ കൃഷി വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

14. ചന്ദനപ്പള്ളി എസ്റ്റേറ്റിൽ നടത്തിവരുന്ന പൗൾട്രിഫാം കൂടുതൽ വിപുലപ്പെടു ത്താനുള്ള നടപടികൾ ആരംഭിച്ചു.

15. പ്ലാന്റേഷൻ കോർപ്പറേഷൻ ഉൽപാദിപ്പിക്കുന്ന റബ്ബറിന്റെ ഗുണമേന്മ ഉപയോഗ പ്പെടുത്തി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ (Latex Based Value Added Products) ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ്. (ഉദാ.ISNR 10, ISNR 20).

16. കോർപ്പറേഷന്റെ ഫാം റിസോർട്ടായ ആതിരപ്പള്ളി പ്ലാന്റേഷൻ വാലിയിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. താമസം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനു വേണ്ടിയുള്ള ഓൺലൈൻ റിസർവേഷൻ നടപടികൾ പുരോഗമിക്കുന്നു. ഇവിടെ കോർപ്പറേഷന്റെ ഉൽപ്പന്നങ്ങളുടെ ഒരു വിൽപ്പനകേന്ദ്രവും ആരംഭി ച്ചിട്ടുണ്ട്.

17. കോർപ്പറേഷന്റെ കാസർഗോഡ് പെരിയയിലുള്ള സ്ഥലത്ത് ജില്ലാ ഭരണ കൂടത്തിന്റെ പങ്കാളിത്തത്തോടെ കാർഷിക ഉൽപ്പന്നങ്ങളുടെ ഒരു അത്യാധു നിക വിപണനകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.